LIBRARY ARCHIVES Kerala Legislative Assembly

(ബി) ചരക്കുസേവന നികുതി നടപ്പിലായതിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന പല വാണിജ്യ നികുതി ചെക്പോസ്റ്റ് കെട്ടിടങ്ങളും ഉപയോഗശൂന്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉപയോഗശൂന്യമായ ചെക്പോസ്റ്റ് കെട്ടിടങ്ങൾ മൃഗസംരക്ഷണ വകുപ്പിന്റെ ആവശ്യത്തിനായി ഏറ്റെടുക്കുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. നിലവിൽ കുമളി, വാളയാർ, കോഴിപ്പാറ എന്നീ സ്ഥലങ്ങളിലെ വാണിജ്യ നികുതി വകുപ്പിന്റെ കെട്ടിടങ്ങൾ മൃഗസംരക്ഷണ വകുപ്പിന് കൈമാറി പ്രവർത്തനം തുടർന്നുവരുന്നു. മറ്റ് ചെക്ക് പോസ്റ്റുകളുടെ സാധ്യതകൾ പരിശോധിച്ചുവരുന്നു.

(സി) ഗ്രണനിലവാരം ഉറപ്പുവരുത്തുന്നതിനായി നടത്തിവരുന്ന പരിശോധനാ സംവിധാനങ്ങൾ വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഗ്രണനിലവാരം ഉറപ്പുവരുത്തുന്നതിനായി നടത്തിവരുന്ന നിലവിലുള്ള പരിശോധനാ സംവിധാനങ്ങൾ ആവശ്യകതയുടെ അടിസ്ഥാനത്തിൽ ആധുനികവത്കരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള നടപടികൾ പരിശോധിക്കുന്നതാണ്.

കാർഷിക മേഖലയിൽ ഭക്ഷ്യേതര വിളകളിലേക്കുള്ള മാറ്റം

12 (*402) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിലെ ഭൂവിനിയോഗ രീതിയിൽ വന്ന മാറ്റങ്ങൾ സംബന്ധിച്ച് സർക്കാർ, സർക്കാരിതര ഏജൻസികൾ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരള കാർഷിക സർവ്വകലാശാല, കേരള ആസൂത്രണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ പഠനങ്ങൾ നടത്തിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളുടെ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അഞ്ച് കാർഷിക പാരിസ്ഥിതിക മേഖലകൾ അഗ്രോ ഇക്കോളജിക്കൽ സോൺ അഥവാ (AEZ) ആയും 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകൾ (AEU) ആയും വിഭജിച്ചിട്ടുണ്ട്. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഭൂവിനിയോഗം സംബന്ധിച്ച് ഉപഗ്രഹ ചിത്രങ്ങളുടെയും ഫീൽഡ് സന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ ഭൂപടങ്ങളും റിപ്പോർട്ടുകളും തയ്യാറാക്കിവരുന്നു. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് സംസ്ഥാനത്തെ ഭൂവിനിയോഗം സംബന്ധിച്ച് കാലാകാലങ്ങളിൽ പഠനം നടത്തുകയും റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്യുവരുന്നു. കേരളത്തിലെ ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ www.kslublris.com എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭക്ഷ്യ വിളകളിൽനിന്നും ഭക്ഷ്യേതര വിളകളിലേക്കുള്ള മാറ്റം കാർഷിക മേഖലയിൽ എപ്രകാരം സ്വാധീനം ചെലുത്തിയെന്നത് പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ?

പഠനവിധേയമാക്കുന്നതാണ്. എന്നാൽ കേരളത്തിലെ ഭക്ഷ്യവിളകളുടേയും ഭക്ഷ്യേതര വിളകളുടേയും വിസ്തൃതി പഠന വിധേയമാക്കിയിട്ടുണ്ട്. 2019-20-ലെ മൊത്തം കൃഷി വിസ്തൃതിയുടെ 9.88 ശതമാനം ഭക്ഷ്യ വിളകളായ നെല്ല്, കപ്പ, മധുരക്കിഴങ്ങ്, ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ എന്നിവയും 61.6 ശതമാനം നാണ്യ വിളകളായ കശുവണ്ടി, റബ്ബർ, കുരുമുളക്, നാളികേരം, തേയില, കാപ്പി എന്നിവയുമാണ്. മൊത്തം കൃഷി വിസ്തൃതിയിൽ 27.5 ശതമാനം റബർ, കാപ്പി, തേയില, ഏലം എന്നീ വിളകളാണ്. വിളകളിൽ ഏറ്റവും കൂടുതൽ കൃഷി വിസ്തൃതി തെങ്ങിനും (29.3 ശതമാനം) തുടർന്ന് റബ്ബറിനുമാണ് (21.28 ശതമാനം). കൃഷി വിസ്തൃതിയുടെ 7.37 ശതമാനം രേഖപ്പെടുത്തി നെൽകൃഷി മൂന്നാം സ്ഥാനത്താണ്. ഭക്ഷ്യ വിളകളുടെ വിസ്തൃതി കുറയുന്നത് തടയുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി കൃഷിവകുപ്പ് വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ തരിശുനില കൃഷി പ്രോത്സാഹിപ്പിച്ചു. നെല്ല്, പച്ചക്കറി, വാഴ, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗ വിളകൾ, ചെറുധാന്യങ്ങൾ എന്നിവയുടെ ഉൽപ്പാദന വർദ്ധനവിന് ഊന്നൽ നൽകുന്നുണ്ട്. കൂടാതെ തരിശുനില കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ പ്രവർത്തിച്ചുവരുന്നുണ്ട്. നെൽ കൃഷി മേഖലയിലെ വിസ്തൃതി നിലനിർത്തുന്നതിനായി നിലം ഉടമകൾക്ക് ഹെക്ടറിന് 2,000/- രൂപ പ്രകാരം റോയൽറ്റി നൽകുന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

ഓമനപ്പക്ഷികളുടെ വാണിജ്യ സാധ്യതകൾ

13 (*403) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിലുള്ള ഓമനപ്പക്ഷികളുടെ വളർത്തലും പരിപാലനവും സംബന്ധിച്ച സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?